**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1886 — 22.01.2014-ൽ മറുപടിയ്ക്ക്

## വിവരാവകാശ നിയമപ്രകാരം ശിക്ഷിക്കപ്പെട്ട ഉദ്യോഗസ്ഥർ

| | ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകുന്നതിന് കാലതാമസം വരുത്തിയതിന് ഉദ്യോഗസ്ഥർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു വെന്ന് വ്യക്തമാക്കുമോ : | (എ) യും (ബി) യും | ഈ സർക്കാർ അധികാരമേറ്റ ശേഷം വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകുന്നതിന് കാലതാമസം വരുത്തിയതിന് ഉദ്യോഗസ്ഥർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ 2013 ഡിസംബർ മാസം വരെ സംസ്ഥാന വിവരാവകാശ കമ്മീഷന് ലഭിച്ച പരാതികളിൽ വിവരം നൽകാൻ കാലതാമസം വരുത്തിയതിന്/വിവരം നൽകാത്തതിന് 112 ഉദ്യോഗസ്ഥർക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20 പ്രകാരം പിഴ ശിക്ഷ ചുമത്തിയിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര കേസുകൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ : | | |
| (സി) | ഒന്നിലധികം തവണ ഇത്തരത്തിൽ ശിക്ഷിക്കപ്പെട്ട ഉദ്യോഗസ്ഥർ ഉണ്ടോ : എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ : | (സി) | ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ശ്രീമതി. ഉമ്മുൽ സൽമാബീവി, സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി, കുന്നമംഗലം ഗ്രാമപഞ്ചായത്ത് - 2 തവണ<br>2) ശ്രീ. ആർ. ശ്രീകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ടൗൺ പ്ലാനിംഗ് വകുപ്പ്, കൊച്ചി നഗരസഭ - 2 തവണ |
| (ഡി) | വിവരാവകാശ പ്രകാരമുള്ള വിവരങ്ങൾ നൽകുന്നതിനും ഉദ്യോഗസ്ഥരിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി ജീവനക്കാർക്ക് എപ്രകാരമുള്ള പരിശീലനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ? | (ഡി) | വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിന്മേൽ യഥാസമയം വിവരങ്ങൾ നൽകുന്നതിന് ഉദ്യോഗസ്ഥരിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവരാവകാശ നിയമത്തെ അധികരിച്ച് പരിശീലനം നൽകുന്നതിനുള്ള അഡ്മിനിസ്ട്രേറ്റീവ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടായി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) - നെയാണ് കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് |

| | | | |
|---|---|---|---|
| | | | പേഴ്സണൽ ആന്റ് ട്രെയിനിംഗ് വകുപ്പ് നിശ്ചയിച്ചിട്ടുള്ളത്. ഐ.എം.ജി സംസ്ഥാനത്തെ വിവിധ വകുപ്പുകളിലുള്ള സർക്കാർ/ അർദ്ധ സർക്കാർ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്ക് വിവരാവകാശ നിയമത്തെ അധികരിച്ച് മികച്ച പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ സംസ്ഥാന വിവരാവകാശ കമ്മീഷൻ വിവരാവകാശ വാരാചരണത്തോടനുബന്ധിച്ച് വിവിധ ജില്ലകളിൽ വിവരാവകാശ നിയമത്തെ ആസ്പദമാക്കി സർക്കാർ വകുപ്പുകളിലെ വിവരാവകാശ ഉദ്യോഗസ്ഥർക്കായി (സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്കും അപ്പീൽ അധികാരിമാർക്കും) സെമിനാറുകളും വർക്ക് ഷോപ്പുകളും സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ